LIBRARY ARCHIVES Kerala Legislative Assembly

മെക്കാനിക്കൽ ഡിവിഷൻ റാന്നി കേന്ദ്രമാക്കി ആരംഭിക്കുവാൻ നടപടി

76 [3250] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ തകരാറിലായാൽ അതിന്റെ തകരാറ് മാറ്റുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിലെ സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പുകൾ ഏതൊക്കെയാണ്;

(സി) മാവേലിക്കരയിൽ പ്രവർത്തിച്ചുവരുന്ന പി.ഡബ്ല്യു.ഡി. റീജിയണൽ വർക്ക്ഷോപ്പിന്റെ പ്രവർത്തനപരിധിയിൽ ഏതെല്ലാം ജില്ലകളിലെ സർക്കാർ വാഹനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഇതുമൂലം എൻജിനീയർമാർക്ക് സമയത്ത് ഓരോ സ്ഥലങ്ങളിലും എത്തിച്ചേരാൻ കഴിയാതിരിക്കുന്നതുമൂലം ഒരു വാഹനം തകരാറായാൽ വീണ്ടും നിരത്തിലിറങ്ങാൻ ഒരു വർഷം വരെ വേണ്ടിവരുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അതിനാൽ കോട്ടയം, പത്തനംതിട്ട ജില്ലകൾക്കായി ഒരു മെക്കാനിക്കൽ ഡിവിഷൻ റാന്നി കേന്ദ്രമാക്കി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ വാഹനങ്ങൾ തകരാറിലായാൽ ഉടൻ തന്നെ ഏതെങ്കിലും സർക്കാർ അംഗീകൃത വർക്ക്ഷോപ്പിൽ കൊണ്ടുപോയി പരിശോധിപ്പിക്കുകയും അവരുടെ പക്കൽ നിന്നും വാങ്ങുന്ന പ്രാഥമിക എസ്റ്റിമേറ്റ് ബന്ധപ്പെട്ട പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൊണ്ട് അംഗീകരിച്ച് വാങ്ങി അതനുസരിച്ചുള്ള സ്പെയർപാർട്ടുകൾ വാങ്ങി വർക്ക്ഷോപ്പുകാരെ ഏൽപ്പിച്ച് പണി ചെയ്യിക്കേണ്ടതാണ്. മൊത്തം എസ്റ്റിമേറ്റ് തുക ലൈറ്റ് മോട്ടോർ വാഹനങ്ങളുടെ കാര്യത്തിൽ പതിനായിരം രൂപയിൽ കൂടുതലാണെങ്കിലും ഹെവിമോട്ടോർ വാഹനങ്ങളുടെ കാര്യത്തിൽ പതിനയ്യായിരം രൂപയിൽ കൂടുതൽ ആണെങ്കിലും ബന്ധപ്പെട്ട പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇക്കോണമി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷമേ റിപ്പയർ നടത്താവൂ. ഇതു കൂടാതെ അതാതു വകുപ്പുകളുടെ അനുമതി കൂടി വാങ്ങിയിരിക്കേണ്ടതാണ്. റിപ്പയർ ബില്ലുകൾക്ക് പണം കൊടുക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട പൊതുമരാമത്ത് മെക്കാനിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്.

(ബി) പത്തനംതിട്ട ജില്ലയിൽ താഴെ പറയുന്ന വർക്കുഷോപ്പുകൾ 2004-2005 വർഷത്തിൽ സർക്കാർ അംഗീകാരമുള്ളതാണ്:

1. ആട്ടോ കെയർ സെന്റർ, വടശ്ശേരിക്കര, പത്തനംതിട്ട
2. ദാമോസ് ആട്ടോമൊബൈൽസ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, മുത്തൂർ, തിരുവല്ല.
3. മണ്ണിൽ ആട്ടോ വർക്സ്, റാന്നി, പത്തനംതിട്ട
4. ബാബു മോട്ടോഴ്സ്, മൈലപ്ര റോഡ്, പത്തനംതിട്ട
5. മുത്തൂറ്റ് ആട്ടോ കോംപ്ലക്സ്, മാറൂർപാലം, കോന്നി.
6. കുടപറമ്പിൽ ആട്ടോ എഞ്ചിനീയറിംഗ് വർക്സ്, പത്തനംതിട്ട.

(സി) ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകൾ.

(ഡി) ഇത്തരം പരാതികൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിലെ ജോലികൾ

77 [3251] ശ്രീ. കുട്ടി അഹമ്മദ് കുട്ടി:
" ടി. പി. എം. സാഹിർ:
" സി. മോയിൻകുട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിലെ ജോലികൾ വകുപ്പിന് പുറത്തുള്ള ഏജൻസികൾ മുഖേന ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly